# സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്

## പത്തനംതിട്ട ജില്ല

21/11/2024 ന് തദ്ദേശസ്വയംഭരണ വകുപ്പ്ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ വച്ച് കൂടിയ ഉപ ജില്ലാഅദാലത്ത് സമിതി - 2 ന്റെ യോഗ മിനിറ്റ്സ്.

**<u>ഉപ ജില്ല അദാലത്ത് സമിതി അംഗങ്ങൾ</u>**

1. ശ്രീ.രമേഷ് കെ എസ്, അസിസ്റ്റന്റ് ഡയറക്ടർ (കൺവീനർ) ഉപജില്ലാ അദാലത്ത് സമിതി-2)
2. ശ്രീമതി ബിന്ദു.എസ്.കരുണാകരൻ (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ.എസ്.ജി.ഡി ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്)
3. ശ്രീ സുനിൽകുമാർ,, അസി.ടൗൺ പ്ലാനർ, എൽ.എസ്.ജി.ഡി

അപേക്ഷക- പൊന്നമ്മ പി.ഡി, കണ്ണാട്ടുതറയിൽ, (സെക്രട്ടറി, സുലഭം സംരഭ യൂണിറ്റ്) ചിറ്റർ ഗ്രാമപഞ്ചായത്ത്.

**പരിഗണിച്ച വിഷയം -** അപേക്ഷകയുടെ ഉടമസ്ഥതയിലുള്ള വാസഗൃഹത്തിനോട് ചേർന്ന് വ്യവസായിക യൂണിറ്റ് പ്രവർത്തിക്കുന്ന ഷെഡിന് നമ്പർ അനുവദിക്കണമെന്നാവശ്യപ്പെട്ടാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

ചിറ്റാർ ഗ്രാമപഞ്ചായത്ത്, തെക്കേക്കര 12ാം വാർഡിൽ ആധാരമോ പട്ടയമോ ഇല്ലാത്ത 3 സെന്റ് വസ്തുവിൽ, പൂർത്തീകരിച്ചിട്ടുള്ള വാസഗൃഹ കെട്ടിടത്തിന് 12/343 നമ്പർ ഉള്ളതാണെന്ന് കാണുന്നു. ടി കെട്ടിടത്തിനോട് ചേർന്ന് ചെറുകിട സംരഭക യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനായി നിർമ്മിച്ച ഷെഡിന് നമ്പർ ലഭിക്കുന്നതിനായി ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷ പ്രകാരം നമ്പർ അനുവദിച്ചില്ലെന്നും ആയതിനാൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നില്ല എന്നും ടി വ്യാവസായിക യൂണിറ്റിനുവേണ്ടി വാങ്ങിയ യന്ത്രസാമഗ്രികൾ സ്ഥാപിക്കുവാൻ കഴിയാത്തതിനാൽ ഉപയോഗ ശൂന്യമാകുന്നുവെന്നും, കെട്ടിട നമ്പർ അനുവദിക്കണമെന്നുമാണ് അപേക്ഷയിലെ ആവശ്യം. ടി സംരംഭ യൂണിറ്റ് 07/03/2022 ൽ കുടുംബശ്രീയുമായിഅഫിലിയേറ്റ് ചെയ്തിട്ടുള്ളതായും 13/01/2024 ൽ എം എസ് എം ഇ രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ളതായും കാണുന്നു. 1977 ന് മുമ്പ് കുടിയേറിയ വനഭൂമിയിലാണ് നിർമ്മാണം നടത്തിയിട്ടുള്ളതെന്നും, ടി ഭൂമിയുടെ പട്ടയം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും അപേക്ഷക അറിയിച്ചു.

**തീരുമാനം** -

കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ള ഭൂമി സംബന്ധിച്ച വിശദാംശങ്ങൾ വനംവകുപ്പ്/റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിന് ഗ്രാമപ പഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ച് ഒക്യൂപൻസി/കെട്ടിട നമ്പർ നൽകുവാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതിനും, അപ്രകാരം നടപടി സ്വീകരിക്കുന്നതിന് വനംവകുപ്പ്/റവന്യൂ വകുപ്പിന്റെ അനുമതി പത്രം ലഭ്യമാക്കാൻ കഴിയുന്നുവെങ്കിൽ ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

കൺവീനർ
ഉപജില്ലാ അദാലത്ത് സമിതി-2
തദ്ദേശസ്വയംഭരണവകുപ്പ്
പത്തനംതിട്ട